"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- ഒറ്റപ്പാലം STPപദ്ധതി-സീവർ ലൈൻ ഇടുന്നതിന് റെയിവേ NOC ലഭിക്കാത്തതിനാൽ ബദൽ മാർഗ്ഗം -തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(സാധാ) നം.2425/2025/LSGD തീയതി,തിരുവനന്തപുരം, 06-10-2025

---

പരാമർശം:-

1. 01.03.2019ലെ സ.ഉ(സാധാ) നം. 470/2019/തസ്വഭവ
2. 03.09.2020 ലെ സ.ഉ(സാധാ) നം. 1595/2020/തസ്വഭവ
3. 19.01.2023 ലെ സ.ഉ((സാധാ) 165/2023 /തസ്വഭവ
4. 20.06.2025 തീയതിയിൽ ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
5. ഒറ്റപ്പാലം LACയിലെ പ്രോജക്ട് സംബന്ധിച്ച് കിഫ്ബിയുടെ 21.06.2025 ലെ റിവ്യൂ മീറ്റിംഗ് നടപടിക്കുറിപ്പ്
6. ഇംപാക്ട് കേരള മാനേജിംഗ് ഡയറക്ടറുടെ 10.09.2025 ലെ IMPACT/115/2023-DEO-Part (1) നമ്പർ കത്ത് .

**ഉത്തരവ്**

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 150 കോടി കിഫ്ബി ധനസഹായത്തോടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം(2) പ്രകാരം പാലക്കാട് ,ഒറ്റപ്പാലം സീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ സീവറേജ് നെറ്റ് വർക്കിനും 11.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം(3) പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് 20,92,94,901/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം നഗരസഭയുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിയുടെ റെയിൽവേ NoC ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 20.06.2025-ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പാലക്കാട് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ഒറ്റപ്പാലം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായി റെയിൽവേ NoC ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ഇംപാക്ട് കേരള ലിമിറ്റഡും റെയിൽവേയും സംയുക്ത സ്ഥല പരിശോധന നടത്തണമെന്നും തീരുമാനം എടുത്തിരുന്നു. ആയതു പ്രകാരം ഇംപാക്ട് കേരള ലിമിറ്റഡും റെയിൽവേയും തൊട്ടടുത്ത ദിവസം തന്നെ സംയുക്ത സ്ഥല പരിശോധന

നടത്തിയിരുന്നുവെങ്കിലും, റെയിൽവേയുടെ ഭാഗത്തു നിന്നും അനുകൂല നിലപാട് സ്വീകരിക്കുകയുണ്ടായില്ല.

എന്നാൽ, റെയിൽവേ NoC ലഭ്യമാകാത്തത് പദ്ധതിയുടെ നടത്തിപ്പിന് അകാരണമായ കാലതാമസം വരുത്തുന്നുണ്ടെന്നും; മാത്രമല്ല NGT ഉത്തരവ് പ്രകാരം ടി പദ്ധതി എത്രയും പെട്ടെന്ന് പ്രവർ ത്തനക്ഷമമാക്കേണ്ടതുണ്ടെന്നും, കൂടാതെ 21.06.2025-ന് കിഫ്ബി നടത്തിയ ഒറ്റപ്പാലം LACയിലെ പ്രോജക്ട് സംബന്ധിച്ച് റിവ്യൂ മീറ്റിംഗിൽ നഗരസഭയിൽ നിലവിൽ വരുന്ന പുതിയ താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ സീവേജ് കൂടി ഈ നെറ്റ് വർക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹു. MLA നിർദ്ദേശം പരാമർശം(5) പ്രകാരം കിഫ്ബി അംഗീകരിച്ചിട്ടുള്ളതിനാലും; റെയിൽവേ സ്റ്റേഷൻ റോഡിലെയും പോലീസ് സ്റ്റേഷൻ റോഡിലെയും കൂടി ആകെ 505 മീറ്റർ ദൂരം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ബദൽ സംവിധാനമായി ബഹു.എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം സെൻഗുപ്ത റോഡിൽ 79.7 മീറ്ററും ഒറ്റപ്പാലം ചേർപ്പുളശ്ശേരി റോഡിൽ 496.5 മീറ്ററും ചേർത്ത് ആകെ 576 മീറ്ററോളം ദൂരം ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കുവാൻ കഴിയുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഒറ്റപ്പാലം നഗരസഭ സെക്രട്ടറിയുടെ കത്ത് ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ റെയിൽവേ NoC ലഭ്യമാക്കേണ്ട റോഡ് ഒഴിവാക്കി പകരം താലൂക്ക് ആശുപത്രിയുടെ സീവേജ് ലൈൻ ഈ നെറ്റ് വർക്കിൽ ഉൾപ്പെടുത്തി Sewage Network അന്തിമമാക്കി ഒറ്റപ്പാലം STP പദ്ധതിയുമായി മുന്നോട്ട് പോകാൻ ഇംപാക്ട് കേരളക്ക് അനുമതി നൽകണമെന്ന് പരാമർശം (6) പ്രകാരം ഇംപാക്ട് കേരള എം.ഡി അഭ്യർത്ഥിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭയുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിയ്ക്ക് റെയിൽവേ NoC ലഭ്യമാക്കാത്ത സാഹചര്യത്തിൽ റെയിൽവേ NoC ലഭ്യമാക്കേണ്ട റോഡ് ഒഴിവാക്കി പകരം താലൂക്ക് ആശുപത്രിയുടെ സീവേജ് ലൈൻ ഈ നെറ്റ് വർക്കിൽ ഉൾപ്പെടുത്തി Sewage Network അന്തിമമാക്കി ഒറ്റപ്പാലം STP പദ്ധതിയുമായി മുന്നോട്ട് പോകാൻ ഇംപാക്ട് കേരളക്ക് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

ഇതുമായി ബന്ധപ്പെട്ട് തുകയിൽ വർദ്ധനവ് മൂലം ഭരണാനുമതിയുടെ ഭേദഗതി അഥവാ പ്രസ്തുത ഘടന മാറ്റത്തെ തുടർന്ന് സാങ്കേതികാനുമതിയുടെ ഭേദഗതി എന്നിവ ആവശ്യമുള്ളപക്ഷം ആയതിനുവേണ്ടി പ്രത്യേക ശിപാർശകൾ സമർപ്പിക്കേണ്ട ചുമതല ഇംപാക്ട് കേരളയിൽ നിക്ഷിപ്തമായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ,കിഫ്ബി
പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്
മാനേജിംഗ് ഡയറക്ടർ,ഇംപാക്ട് കേരള
ഡയറക്ടർ,നഗരകാര്യം
സെക്രട്ടറി, ഒറ്റപ്പാലം മുൻസിപ്പാലിറ്റി
ധനകാര്യ വകുപ്പ്
ആരോഗ്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ ഐ&പിആർഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 07-10-2025 10:29:39

സെക്ഷൻ ഓഫീസർ